# ചക്കയിൽനിന്നും ചെലവു കുറഞ്ഞ കാലിത്തീറ്റ



भाकृअनुप
ICAR

കൃഷി വിജ്ഞാന കേന്ദ്രം
കേരള കാർഷിക സർവ്വകലാശാല
വയനാട് - 673593

# ചക്കയിൽനിന്നും ചെലവുകുറഞ്ഞ കാലിത്തീറ്റ

ലോകത്തിലെ ഏറ്റവും വലിയ ഫലവർഗ്ഗമാണ് ചക്ക. നാം പാഴാക്കി ക്കളയുന്ന ദേവഫലത്തെ സംസ്കരിച്ച് പല ഉല്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്. ഇളം പ്രായത്തിലും മൂപ്പെത്തിയ ശേഷവും വിറ്റാമിനുകളുടേയും ധാതുക്കളുടേയും കലവറയാണ് ചക്ക. ഇത്തരത്തിൽ പോഷക സമ്പുഷ്ടമായ ചക്ക ഉപയോഗിച്ച് ചെലവു കുറഞ്ഞ രീതിയിൽ കാലിത്തീറ്റകൾ തയ്യാറാക്കാവുന്നതാണ്. അതിലൂടെ ചക്ക പാഴാക്കി കളയുന്നതും പരിസരമലിനീ കരണം തടയാനും സാധിക്കും. കന്നുകാലി കളുടെ തീറ്റചെലവ് ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കും. 100 ഗ്രാം ഭക്ഷ്യയോഗ്യമായ ചക്കയിൽ അടങ്ങിയിരി ക്കുന്ന പോഷകങ്ങൾ താഴെ കാണിച്ചി രിക്കുന്നു.

## പൾപ്പ്

| ഘടകങ്ങൾ | ഇളംപ്രായം | പഴുത്തത് | വിളഞ്ഞ കുരു |
|---|---|---|---|
| ജലം% | 84 | 77.2 | 64.5 |
| അന്നജം (ഗ്രാം) | 9.4 | 18.9 | 25.8 |
| മാംസ്യം(ഗ്രാം) | 2.6 | 1.9 | 6.6 |
| കൊഴുപ്പ് (ഗ്രാം) | 0.3 | 0.1 | 0.4 |
| നാരുകൾ (ഗ്രാം) | 4.4 | 1.1 | 1.3 |
| ആകെ ധാതുക്കൾ (ഗ്രാം) | 0.9 | 0.8 | 1.2 |
| കാത്സ്യം (മി.ഗ്രാം) | 50.1 | 20.00 | 21.00 |
| ഫോസ്ഫറസ് (മി.ഗ്രാം) | 97.0 | 30.00 | 28.00 |
| ഇരുമ്പ് (മി.ഗ്രാം) | 1.5 | 500.1 | 0.8 |
| പൊട്ടാസ്യം(മി.ഗ്രാം) | 206.00 | 350.00 | 246.00 |
| വിറ്റാമിൻ എ (മി.ഗ്രാം) | 0.00 | 540.00 | 17.00 |
| തയാമീൻ (മി.ഗ്രാം) | 0.2 | 30.0 | 0.2 |
| റിബോഫ്ളാവിൻ (മി.ഗ്രാം) | 0.1 | 0.1 | 0.1 |
| നിക്കോട്ടിനിക് ആസിഡ് | 11.0 | 7.0 | 11.0 |
| ഊർജ്ജം(കലോറി) | 500 | 84.0 | 139.00 |

ചക്ക ഉപയോഗിച്ച് വീട്ടിൽതന്നെ തയ്യാറാ ക്കാവുന്ന ചില കാലിത്തീറ്റ മിശ്രിതങ്ങ ളെപ്പറ്റി താഴെ പ്രതിപാദിക്കുന്നു.

1) ഇടിച്ചക്ക പൊടിച്ച് നെടുകെ പിളർ ന്നശേഷ് കറ തുടച്ച് മരകട്ടയിൽവെച്ച് ചെറിയ കഷണങ്ങളാക്കി മുറിക്കുക. മുറിച്ച കഷണങ്ങൾ ഒരു മണിക്കൂർ നേരം ഉപ്പുവെള്ളത്തിൽ മുക്കിവെച്ച ശേഷം ഉണക്കിയെടുത്ത് പിറ്റേന്ന് കാലിത്തീറ്റയായി ഉപയോഗിക്കാം. പശുക്കൾക്ക് 2 കി.ഗ്രാം വരെയും, ആടിന് 500 ഗ്രാം വരെയും ഈ മിശ്രിതം ഒരു ദിവസം നൽകാവുന്നതാണ്.

2) പച്ചച്ചക്ക പുറത്തെ മുള്ള് ചെത്തിക്ക ളഞ്ഞ് നെടുകെ പിളർന്ന് കറ കളഞ്ഞ് ചക്കക്കൂഞ്ഞ് മടൽ ഇവ ഉൾപ്പെടെ 5 കി.ഗ്രാംവരെ കൊടുക്കാം. കൂഴച്ചക്ക യുടെ കൂഞ്ഞ് ആഹാരത്തിൽപെടരുത്.

3) ചക്ക സൈലേജ്

പച്ചച്ചക്ക മുള്ളുവിരിയുന്നതിനുമുമ്പ് എടുത്ത് മുള്ള് ചെത്തി ചെറിയ കഷണങ്ങളാക്കുക. കഷണങ്ങൾ ചൂടു ള്ള ഉപ്പുവെള്ളത്തിൽ പത്ത് മിനിറ്റ് മുക്കിവെച്ചശേഷം ഉണക്കിയെടുക്കുക. ഈർപ്പത്തിന്റെ അംശം (20%) ആകുന്ന തുവരെ ഉണക്കുക(ഉണങ്ങിയ കഷണ ങ്ങൾ വളയുന്ന പരുവം) വൈക്കോൽ - 10-20 സെ.മീ. നീളമുള്ള കഷണങ്ങ ളാക്കി ചക്കയും വൈക്കോലും 1:3 എന്ന അനുപാതത്തിൽ എടുത്ത് 3മീറ്റർ നീളംX 1½ മീറ്റർ വീതി X 2½ മീറ്റർ ആഴം ഉള്ള സിമന്റ് ടാങ്ക് അല്ലെങ്കിൽ സൈലേജ് കുഴിയിൽ നിറക്കുക. ഒരു ടാങ്ക് മിശ്രിതത്തിൽ 10 കി.ഗ്രാം ശർക്കര ചേർത്ത് അരയിഞ്ച് കനത്തിലുള്ള പലപല അടുക്കുകളായി കുഴിയിൽ നിറക്കുക. മുകളിലത്തെ അടുക്കിൽ കറിയുപ്പ് വിതറുക. ഇത് പുഴുക്കൾ കയറാതിരിക്കാൻ സഹായിക്കും. പ്ലാസ്റ്റിക് ഷീറ്റുകൊണ്ടോ മെഴുകു

കൊണ്ടോ അടച്ചുവെച്ചതിനുശേഷം മൂന്ന് ആഴ്ച കഴിഞ്ഞ് തുറന്ന് മുറിച്ചുകൊടുക്കാവുന്നതാണ്. 6 കി.ഗ്രാം വരെ രണ്ടു നേരമായി കാലിത്തീറ്റയായി ദിവസവും കൊടുക്കാവുന്നതാണ്.

പച്ചച്ചക്ക 10 മിനിറ്റ് ഉപ്പുവെള്ളത്തിലിട്ട് 10 സെ.മീ. നീളമുള്ള വൈക്കോൽ, ശർക്കര, തവിട്, മിനറൽ മിക്സ്ചർ ഇവ ചേർത്ത് തിരിത്തീറ്റയുണ്ടാക്കാവുന്നതാണ്.

## ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

ചക്കതീറ്റയിൽ 2% ഉപ്പുചേർക്കണം. മൃഗങ്ങൾക്ക് ദഹനക്കേടുണ്ടാകുകയാണെങ്കിൽ ഒരു ഔൺസ് ഇഞ്ചിച്ചാറും, ഉപ്പും കൂടി കൊടുക്കുക. അരമണിക്കൂർ കഴിഞ്ഞ് 50 ഗ്രാം സോഡാപൊടി ചൂടുവെള്ളത്തിൽ കലക്കികൊടുക്കുക. ചക്കയ്ക്കൊപ്പം കഞ്ഞികൊടുക്കരുത്. വയർ വീർപ്പും, ശ്വാസംമുട്ടും ഉണ്ടാകുന്നതിനാൽ അത് ഒഴിവാക്കുക.

ചക്ക കാലിത്തീറ്റയായി ഉപയോഗിക്കുന്നതുവഴി പാലുൽപാദനം 30-40 ശതമാനം വരെ വർദ്ധിക്കുന്നു. കൊഴുപ്പു കൂടിയതും ഗുണമേന്മയുള്ളതുമായ പാൽ ലഭിക്കുന്നു. തീറ്റ ചെലവ് 40% കുറയുന്നു. പോഷകകുറവുമൂലമുള്ള പല രോഗത്തേയും തടയാനും സാധിക്കുന്നു.

തയ്യാറാക്കിയത് :-

ഡോ. എ.രാധമ്മ പിള്ള

പ്രസിദ്ധീകരിക്കുന്നത്.

പ്രൊഫസർ ആന്റ് ഹെഡ്
കൃഷി വിജ്ഞാന കേന്ദ്രം
വയനാട് - 673 593.
ഫോൺ - 04936 - 260411
ഫാക്സ് 04936 - 260080